REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-04-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **വഖഫ് ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ബിൽ ചർച്ചയ്ക്ക് എട്ട് മണിക്കൂർ അനുവദിച്ചതായി കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **ഗുജറാത്തിൽ ബനസ്കന്ത ജില്ലയിലെ പടക്ക നിർമ്മാണ ശാല സ്ഫോടനത്തിൽ മരണസംഖ്യ 18 ആയി.**
- **കേരളത്തിലെ വനാവകാശ രേഖ ലഭിച്ച 29,821 കുടുംബങ്ങളുൾപ്പെട്ട വനഗ്രാമങ്ങളെ റവന്യു ഗ്രാമങ്ങളാക്കി മാറ്റാൻ തീരുമാനിച്ചതായി മന്ത്രി K. രാജൻ.**
- **ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ആദ്യ സെമിയിൽ ഇന്ന് ഗോവ, ബംഗലൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ബിൽ ചർച്ചയ്ക്ക് എട്ട് മണിക്കൂർ സമയം അനുവദിച്ചിട്ടുണ്ടെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പാർലമെന്റ് ഹൗസിൽ മാധ്യമങ്ങളെ അറിയിച്ചു. സഭയുടെ നിലപാടും വികാരവും മാനിച്ച് ആവശ്യമെങ്കിൽ ചർച്ചയുടെ സമയം നീട്ടാനും കാര്യോപദേശക സമിതി യോഗത്തിൽ ധാരണയായതായി റിജിജു പറഞ്ഞു.

ന്യൂസ് ഡെസ്കിൽനിന്നു കൂടുതൽ വിവരങ്ങൾ............

.......വോയ്സ്.....

ബില്ലിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകാൻ ഗവൺമെന്റ് തയ്യാറാണെന്നും, എന്നാൽ പ്രീണന രാഷ്ട്രീയം പിന്തുടരുന്ന പ്രതിപക്ഷം ബില്ലിനെ എതിർക്കുകയാണെന്നും കേന്ദ്രമന്ത്രി കിരൺ റിജിജു ആരോപിച്ചു.

വഖഫ് സ്വത്തുക്കളുടെ ഭരണത്തിലേയും നടത്തിപ്പിലേയും ന്യൂനതകൾ പരിഹരിക്കാനാണ് ഭേദഗതി ബിൽ കൊണ്ടുവരുന്നത്. 1995-ലെ ബിൽ വ്യവസ്ഥകൾ പുതുക്കി വഖഫ് സ്വത്ത് പൂർണമായി സംരക്ഷിക്കുകയാണ് ബില്ലിന്റെ ലക്ഷ്യമെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

കഴിഞ്ഞ ഓഗസ്റ്റിൽ ലോക്സഭയിൽ അവതരിപ്പിച്ച ബിൽ സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്ക് വിടുകയായിരുന്നു. ബില്ലുമായി ബന്ധപ്പെട്ട് സംഘടനകളുടേയും മന്ത്രാലയങ്ങളുടേയും മറ്റ് പ്രതിനിധികളുടേയും നിർദേശങ്ങളും കാഴ്ചപ്പാടുകളും സമിതി പരിഗണിച്ചു. 97 ലക്ഷത്തിൽ പരം അഭിപ്രായങ്ങൾ കമ്മിറ്റിക്ക് ലഭിച്ചു.

--------

വഖഫ് ബിൽ ചർച്ചാ വേളയിൽ BJP യും JDU, തെലുഗു ദേശം പാർട്ടികളും സഭയിൽ ഹാജരാകാൻ അംഗങ്ങൾക്ക് വിപ്പ് നൽകി. ബില്ലിനെ എതിർക്കാൻ സഭയിൽ ഹാജരാകുന്നതിന് കോൺഗ്രസും വിപ്പു നൽകിയിട്ടുണ്ട്. ഇന്നലെ ഡൽഹിയിൽ യോഗം ചേർന്ന ഇൻഡി സഖ്യം ബിൽ അവതരണ വേളയിൽ സ്വീകരിക്കേണ്ട തന്ത്രം ചർച്ച ചെയ്തു. മല്ലികാർജ്ജുൻ ഗാർഗെയും രാഹുൽ ഗാന്ധിയും സമാജ് വാദി പാർട്ടി, TMC, DMK, ആം ആദ്മി പാർട്ടി നേതാക്കൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

✪✪✪

പാർലമെന്റ് ത്രിഭുവൻ സഹകാരി യൂണിവേഴ്സിറ്റി ബിൽ പാസാക്കി. നേരത്തെ ലോക്സഭ പാസാക്കിയ ബില്ലിന് ഇന്നലെ രാജ്യസഭയിൽ അംഗീകാരം നൽകി. ആനന്ദിലെ റൂറൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ പ്രാധാന്യത്തോടെ സഹകാരി സർവകലാശാലയാക്കി മാറ്റുന്നതാണ് ബില്ല്.

✪✪✪

CPIMന്റെ 24-ാം പാർട്ടി കോൺഗ്രസിന് ഇന്ന് മധുരയിൽ തുടക്കമാകും. പൊളിറ്റ് ബ്യൂറോ കോ-ഓർഡിനേറ്റർ പ്രകാശ് കാരാട്ട് പാർട്ടി കോൺഗ്രസ് ഉദ്ഘാടനം ചെയ്യും. 80 നിരീക്ഷകരടക്കം 811 പ്രതിനിധികൾ പാർട്ടി കോൺഗ്രസിൽ പങ്കെടുക്കും. ഈ മാസം ആറിന് സമാപിക്കും.

✪✪✪

ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടി - WAVES-ലെ ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച് സീസൺ -1 ലേക്ക് 85,000ത്തിൽ പരം രജിസ്ട്രേഷൻ ഇതിനകം പൂർത്തിയായി. ഇതിൽ 1,100 എണ്ണം അന്താരാഷ്ട്ര മത്സരാർത്ഥികളുടേതാണ്.

32 വിഭാഗങ്ങളിലായി 750 ഫൈനലിസ്റ്റുകളേയാണ് ചലഞ്ചിലൂടെ തെരഞ്ഞെടുക്കുന്നത്. മെയ് ഒന്ന് മുതൽ നാല് വരെ മുംബൈ ജിയോ വേൾഡ് സെന്ററിലാണ് WAVES ഉച്ചകോടി സംഘടിപ്പിക്കുന്നത്.

✪✪✪

ഗുജറാത്തിലെ ബനസ്കന്ത ജില്ലയിൽ പടക്ക നിർമ്മാണ ശാലയിലെ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 18 ആയി. അഞ്ച് പേർക്ക് പരിക്കേറ്റു.

മരണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപ വീതവും ധനസഹായം പ്രഖ്യാപിച്ചു. ഗുജറാത്ത് ഗവൺമെന്റ് മരിച്ചവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ വീതവും, പരിക്കേറ്റവർക്ക് 50,000 രൂപ വീതവും, ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാനത്തെ ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തുന്ന രാപ്പകൽ സമരം ഇന്ന് 52-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരവും തുടരുകയാണ്.

✪✪✪

കൊച്ചി വാട്ടർ മെട്രോ അടുത്ത തിങ്കളാഴ്ച മുതൽ ഏലൂരിലേക്ക് മറ്റൊരു സർവ്വീസ് ആരംഭിക്കുമെന്ന് മന്ത്രി P.രാജീവ് അറിയിച്ചു. ഏലൂർ, ചേരാനല്ലൂർ റൂട്ടിൽ ഹൈക്കോടതി ജംഗ്ഷനിലേക്ക് കണക്ടിവിറ്റി വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് സർവീസ്. കൊച്ചിൻ ഷിപ്പിയാർഡിൽ നിന്ന് പുതുതായി ലഭിച്ച 19ാമത്തെ ബോട്ട് ഇതിനായി ഉപയോഗപ്പെടുത്തും.

✪✪✪

കേരളത്തിലെ വനാവകാശ രേഖ ലഭിച്ച 29,821 കുടുംബങ്ങളുൾപ്പെട്ട വനഗ്രാമങ്ങളെ റവന്യു ഗ്രാമങ്ങളാക്കി മാറ്റാൻ തീരുമാനിച്ചതായി മന്ത്രി K. രാജൻ അറിയിച്ചു.

തൃശൂരിലെ ഒളകര ഉന്നതിയിൽ വനാവകാശരേഖ ലഭിച്ചവരുടെ സംഗമത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. കുടുംബങ്ങൾക്ക് രേഖകൾ ലഭ്യമാക്കാൻ നേതൃത്വം നൽകിയവരെ ചടങ്ങിൽ മന്ത്രി അഭിനന്ദിച്ചു.

✪✪✪

ആധുനിക കൃഷി രീതിയിലേക്ക് ചുവടുവെപ്പാണ് മിനി പോർട്ടബിൾ മഴമറയെന്ന് മന്ത്രി P. പ്രസാദ് പറഞ്ഞു. കണ്ണൂർ പിണറായി ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും നേതൃത്വത്തിൽ നിർമിച്ച മിനി പോർട്ടബിൾ മഴമറയും തലശ്ശേരി ബ്ലോക്ക് കൂൺ ഗ്രാമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ചൂട് കനക്കുകയും വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്തതോടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നു തുടങ്ങി. സംഭരണ ശേഷിയുടെ പാതിയിൽ താഴെ മാത്രം വെള്ളമാണ് ഇടുക്കിയിൽ ശേഷിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

.........വോയ്സ്.........

ഇടുക്കി അണക്കെട്ടിലെ നിലവിലെ ജലനിരപ്പ് 2351.54 അടിയാണ്. ഇത് പൂർണ്ണ സംഭരണ ശേഷിയുടെ 47 ശതമാനം വരും. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നേരിയ വ്യത്യാസം മാത്രമാണ് ഇത്തവണയുള്ളത്. മുൻ വർഷം ഇതേ സമയം 2348.7 അടിയായിരുന്നു ജലനിരപ്പ്. ഇത് പൂർണ്ണ സംഭരശേഷിയുടെ 45 ശതമാനമായിരുന്നു. ഇടുക്കി അണക്കെട്ടിലെ ജലം ഉപയോഗിച്ച് കഴിഞ്ഞ 24 മണിക്കൂറിൽ 6.398 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചു. കഴിഞ്ഞ ദിവസം

സംസ്ഥാനത്തെ ആകെ വൈദ്യുതി ഉപയോഗം 96.96 ദശലക്ഷം യൂണിറ്റാണ്. 79.01 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുറം സംസ്ഥാനങ്ങളിൽ നിന്നും വിലയ്ക്ക് വാങ്ങിയപ്പോൾ 17.95 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആഭ്യന്തരമായി ഉൽപാദിപ്പിച്ചു. വേനൽ ശക്തമാകുന്നതോടെ വൈദ്യുതി ഉപയോഗം ഇനിയും ഉയരുമെന്നാണ് കെ.എസ്.ഇ.ബി കണക്കാക്കുന്നത്.

✪✪✪

ജവഹർ ബാലഭവന്റെ അവധിക്കാല ക്ലാസുകളുടെ പ്രവേശനോത്സവം മന്ത്രി GR അനിൽ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. മധ്യവേനലവധി ക്ലാസുകൾ ഇന്നാരംഭിക്കും. അവധിക്കാല ക്ലാസുകളിലൂടെ സാമൂഹ്യാന്തരീക്ഷത്തിലെ പൊതുവിഷയങ്ങളെ പറ്റി ശരിതെറ്റുകൾ മനസ്സിലാക്കാൻ കുട്ടികൾക്ക് സാഹചര്യം ലഭ്യമാകണമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലാ ഭരണകൂടം ആറളം ഫാമിൽ നടത്തിയ അദാലത്തിൽ 223 പരാതികൾ തീർപ്പാക്കി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

..........വോയ്സ്.........

ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുമായി ചേർന്ന് നടത്തിയ അദാലത്തിൽ ആകെ 301 പരാതികളാണ് പരിഗണിച്ചത്. ആധികാരിക രേഖകൾ ലഭ്യമാക്കാനും പരാതി പരിഹാരങ്ങൾക്കുമായി വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ച് ആറളം ഫാം ഗവ. ഹയർസെക്കണ്ടറി സ്കൂളിലായിരുന്നു അദാലത്ത്. തദ്ദേശ സ്വയംഭരണം, റവ്യന്യൂ, ഐടിഡിപി, കെഎസ് ഇ ബി, വാട്ടർ അതോറിറ്റി, പോലീസ്, വനം, എക്സൈസ്, സിവിൽ സപ്ലൈസ്, സാമൂഹ്യനീതി, വനിതാ ശിശുവിഅകസനം, കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, ഐടി, പിഡബ്ല്യുഡി ലീഡ് ബാങ്ക് തുടങ്ങിയ വകുപ്പുകളെ പങ്കെടുപ്പിച്ചാണ് അദാലത്ത് നടത്തിയത്. സണ്ണി ജോസഫ് എം എൽ എ ഉദ്ഘാടനം ചെയ്തു ജില്ലാ കലക്ടർ അരുൺ കെ വിജയൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

✪✪✪

കോതമംഗലം വടാട്ടുപാറക്ക് സമീപം പുഴയിൽ കുളിക്കാൻ ഇറങ്ങിയ രണ്ട് യുവാക്കൾ മുങ്ങി മരിച്ചു. ആലുവ സ്വദേശി സിദ്ദിഖ്, കാലടി സ്വദേശി അബൂ ഫായിസ് എന്നിവരാണ് മരിച്ചത്. വിനോദയാത്രാ സംഘത്തിൽ പെട്ടവരാണ് ഇരുവരും. മൃതദേഹങ്ങൾ ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് പുഴയിൽ നിന്ന് കണ്ടെടുത്തു.

വടക്കൻ പറവൂരിൽ മറ്റൊരു അപകടത്തിൽ വീടിനടുത്ത തോട്ടിൽ വീണ് രണ്ടര വയസ്സുകാരിയും മരിച്ചു.

✪✪✪

മലബാർ മേഖലയിലെ ക്ഷീര കർഷകർക്ക് അധിക പാൽവിലയായും കാലിത്തീറ്റ സബ്സിഡിയായും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക 61 കോടി രൂപയായെന്ന് മിൽമ അറിയിച്ചു. റംസാൻ, വിഷു, ഈസ്റ്റർ ആഘോഷ വേളയിൽ അനുവദിച്ച ഏഴ് കോടി രൂപ ഉൾപ്പെടെയാണിത്. കാസർകോട് മുതൽ പാലക്കാട് വരെ ആറ് ജില്ലകളിലെ കർഷകർക്കാണ് അധിക ആനുകൂല്യം ലഭിക്കുന്നത്.

✪✪✪

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തുടങ്ങും. ഇന്ന് ഗോവ - ബംഗളുരുവിനെയും നാളെ മോഹൻ ബഗാൻ - ജംഷഡ്പുരിനെയും നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

✪✪✪

IPL ട്വന്റി 20 ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ് ലക്നൗ സൂപ്പർ ജയന്റ്സിനെ എട്ട് വിക്കറ്റിന് തോൽപ്പിച്ചു. ലക്നൗവിലെ ഏകന ക്രിക്കറ്റ് സ്റ്റേഡിയത്തിലായിരുന്നു മത്സരം.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. ബംഗളൂരു M ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരളക്ക് വിജയം. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ മറുപടിയില്ലാത്ത ഒരു ഗോളിന് സേതു FCയെയാണ് ഗോകുലം തോൽപ്പിച്ചത്.

ഈ മാസം അഞ്ചിന് കിക്സ്റ്റാർട്ട് FCക്കെതിരേയാണ് ഗോകുലം കേരളയുടെ അടുത്ത മത്സരം.

✪✪✪

മയക്കുമരുന്നുകൾക്കെതിരായ പോരാട്ടത്തിൽ ‘ലഹരിക്കെതിരെ ആയിരം ഗോൾ എന്ന പരിപാടി നാളെ കോഴിക്കോട്ട് സംഘടിപ്പിക്കും. ജില്ലാ സ്പോർട്സ് കൗൺസിലും ജില്ലാ ഫുട്ബോൾ അസോസിയേഷനും ചേർന്നാണ് വൈകിട്ട് മാനാഞ്ചിറ സ്ക്വയറിൽ പരിപാടി സംഘടിപ്പിക്കുന്നത്.

"സ്പോർട്സാണ് ലഹരി" എന്ന മുദ്രാവാക്യം ഉയർത്തി ജില്ലാ സ്പോർട്സ് കൗൺസിൽ ആരംഭിക്കുന്ന സമ്മർക്യാമ്പിനോട് അനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശം നൽകി.

✪✪✪

ഇന്ന് ലോക ഓട്ടിസം അവബോധ ദിനം. ഓട്ടിസത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദിനാചരണം.

✪✪✪

സാംസ്കാരിക പാരമ്പര്യത്തിലധിഷ്ഠിതമായ വിദ്യാഭ്യാസ സംവിധാനത്തിലൂടെ പുതുതലമുറയെ ഗുണാത്മക ജീവിത ലഹരിയിലേക്ക് നയിക്കണമെന്ന് തപസ്യ കലാസാഹിത്യവേദി വാർഷിക പ്രതിനിധിസഭ കോഴിക്കോട്ട് ആഹ്വാനം ചെയ്തു.

ലഹരിമുക്തമായ സമൂഹമായി കേരളത്തെ വികസിപ്പിക്കാൻ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഭാഗത്തു നിന്ന് സർഗാത്മക പ്രവർത്തനം ഉണ്ടാവണമെന്നും യോഗം നിർദേശിച്ചു.

ജ്ഞാനപീഠ ജേതാവ് മഹാകവി അക്കിത്തത്തിന്റെ ആദരണാർത്ഥം തപാൽ സ്റ്റാമ്പ് ഇറക്കണണെന്നും തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഹാളിൽ അദ്ദേഹത്തിന്റെ ഛായാചിത്രം സ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

✪✪✪

കേന്ദ്ര ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശകൾ എന്നു മുതൽ നടപ്പാക്കണമെന്ന തീരുമാനം ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്ന ബില്ലിനെതിരെ കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് ആന്റ് വർക്കേഴ്സ്, എറണാകുളം ഹെഡ്പോസ്റ്റ് ഓഫീസിനു മുന്നിൽ സായാഹ്ന ധർണ സംഘടിപ്പിച്ചു. വിവിധ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനാ പ്രതിനിധികൾ പങ്കെടുത്തു.

✪✪✪

തിരുവനന്തപുരം ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് ഇന്ന് കൊടിയേറും. രാവിലെ 8.45ന് കൊടിയേറ്റൽ ചടങ്ങുകൾ ആരംഭിക്കും. ഈ മാസം 10ന് രാത്രി പള്ളിവേട്ടയും 11ന് ആറാട്ടും നടക്കും. ചിത്രാപൗർണ്ണമി ദിവസമായ 12ന് ആറാട്ട് കലശത്തോടെ ഉത്സവം സമാപിക്കും.

✪✪✪

*News Reader: ശരണ്യ രാജൻ*
*News Team:അനിൽ ചന്ദ്രൻ, ശ്രിജി,*
*DEO : സി കെ സുബോധ്*